**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2165** **03-03-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം പബ്ലിക്ക് ഹെൽത്ത് ലാബ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പി.എം-എ.ബി.എച്ച്.ഐ.എം. പദ്ധതിയിൽ ഉൾപ്പെടുത്തിയ മലപ്പുറം പബ്ലിക്ക് ഹെൽത്ത് ലാബ് കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത കെട്ടിട നിർമ്മാണത്തിന് കോട്ടപ്പടിയിൽ സ്ഥലം ലഭ്യമാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെ നിരാക്ഷേപപത്രം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | PM-ABHIM പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ പബ്ലിക് ഹെൽത്ത് ലാബിനെ ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ് ആയി ഉയർത്തുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട കെട്ടിട നവീകരണ പ്രവർത്തനങ്ങൾക്ക് 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് മലപ്പുറം സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന പബ്ലിക്ക് ഹെൽത്ത് ലാബ് കെട്ടിടത്തിന്റെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ 15 % ജോലികൾ പൂർത്തിയായിട്ടുണ്ട്. 2025 ഓഗസ്റ്റ് മാസത്തോടെ ലാബിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.<br><br>കോട്ടപ്പടിയിലെ വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലത്ത് ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ് നിർമ്മിക്കുന്നതിന് നിരാക്ഷേപ പത്രം ലഭിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ നിലവിലുള്ള പബ്ലിക് ഹെൽത്ത് ലാബ് കെട്ടിടത്തിന്റെ നവീകരണ വിപുലീകരണ പ്രവർത്തികൾ നടത്തിവരുന്നു. |
| (ബി) | മലപ്പുറം താലൂക്ക് ആശുപത്രിക്ക് സമീപം പ്രസ്തുത ലാബിന് കെട്ടിടം നിർമ്മിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; അടിയന്തരമായി ഇതിനുള്ള സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുമോ? | (ബി) | പിരിവ് എ യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ